MODEL EXAMINATION - 2008 CODE: 012

# മലയാളം

Time allowed: 3 hours Max Marks 100

## എ വിഭാഗം

1. (a) രണ്ടു പര്യായപദം എഴുതുക: 1
 യശസ്സ്

 (b) വിപരീതപദം എഴുതുക: 1
 (1) ഉത്തമം (2) സമം

 (c) അർത്ഥവ്യത്യാസമെഴുതുക 1
 മതം — മദം

 (d) നാനാർത്ഥമെഴുതുക: 1
 അരക്കൻ

 (e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക 4
 (1) ജനനിബിഡം (2) പൊൻകവചം
 (3) പരിഗണനാർഹം (4) ഈരേഴുലോകം.

 (f) പ്രയോഗം മാറ്റുക: 2
 (1) മന്ത്രിമാന്മാരായ പല സാഹിത്യകാരന്മാരും ഇന്ന് ചെറുകഥയെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു.
 (2) ശ്രീനാരായണഗുരു ശോഭനമായ ഒരവസ്ഥയിലേക്ക് കേരളത്തെ നയിച്ചു.

 (g) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക: 4
 (1) ഞെട്ടിയുണർന്നു (2) സന്ദേശങ്ങൾ
 (3) തലയറുത്ത് (4) നിശ്ശങ്കം.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക 2

(1) മരണത്തേക്കാൾ ദാരുണമായ ദുരനുഭവങ്ങൾ ജീവിതത്തിലുണ്ടെന്ന് അവർക്ക് ബോദ്ധ്യമാകും.

(2) അർജ്ജുനൻ കാണിച്ച അഭ്യാസങ്ങൾ കുറേക്കൂടി ഭംഗിയായി കർണ്ണൻ കാണിച്ചു.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

വാർദ്ധക്യദശയിൽ അദ്ദേഹം എപ്പോഴും നിരന്തരമായി സഞ്ചരിക്കുകയോ ഊർജ്ജസ്വലമായ പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുന്നതായി നാം കാണുന്നില്ല.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

മൂർത്തമായ വസ്തുപ്രപഞ്ചം അമൂർത്തമായ ആശയപ്രപഞ്ചമായി മാറുമ്പോൾ അതിന്റെ നിയാമക ഘടകമായി വർത്തിക്കുന്നത് കവിയുടെ ജീവിതദർശനമാണ്.

2 (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക 10

1. കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങൾ
2. വിദ്യാഭ്യാസത്തിൽ മൂല്യബോധനത്തിനുള്ള സ്ഥാനം
3. ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം യുവജനത്തിൽ

(b) നിങ്ങളുടെ താലൂക്കിലെ ഗവൺമെന്റ് ആശുപത്രിയിലെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് മന്ത്രിക്ക് കത്ത് തയ്യാറാക്കുക 10

(c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:

ഭാരതീയ ചൈതന്യത്തിന്റെ അന്തഃസത്ത പുനരാവിഷ്കരിക്കുന്നതിലാണ് ഉള്ളൂർ കൂടുതൽ ശ്രദ്ധിച്ചത്. ഉള്ളൂർകവിതകളുടെ അന്തർഭാവവും മറ്റൊന്നുമല്ല. കവികളുടെ ഖണ്ഡകൃതികൾ ഈ പാരമ്പര്യത്തോടുള്ള ആത്മബന്ധവും ബഹുമാനവും ഉദാഹരിക്കുന്നു. പുരാണേതിഹാസ കഥാപാത്രങ്ങൾക്കു ചൈതന്യവും ശക്തിയും നൽകി അവതരിപ്പിക്കുവാനുള്ള കഴിവ് അനന്യസാധാരണമായി അദ്ദേഹത്തിൽ കാണുന്നു. കർണ്ണഭൂഷണം ഈ സവിശേഷതകൾ ഉൾക്കൊള്ളുന്ന ഉള്ളൂർകൃതികൾക്ക് താഴികക്കുടമാണ്. ആർഷധർമ്മത്തിന്റെയും ആത്മത്യാഗത്തിന്റെയും ഉൽകൃഷ്ടപ്രതീകമാണ് ഇതിലെ കർണ്ണൻ. കർണ്ണൻ കാലാനുപ്രസക്തിയുള്ള ഒരു കഥാപാത്രമാണ്. 10

1. ഉള്ളൂർ ഏതു വിഷയത്തിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്?
2. കവികളുടെ ഖണ്ഡകൃതികൾ ഉദാഹരിക്കുന്നതെന്ത്?
3. കർണ്ണഭൂഷണം എപ്രകാരമാണ് വിശേഷിപ്പിക്കപ്പെടുന്നത്?
4. കർണ്ണഭൂഷണത്തിലെ കർണ്ണന്റെ സവിശേഷതകളെന്ത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക

## ബി വിഭാഗം

3 (a) "പക്ഷേ അന്തർക്കും അറിഞ്ഞുകൂടാ, അറിയുന്നവർക്കു പറഞ്ഞുംകൂടാ" — ഇങ്ങനെ പറയുന്നതിന്റെ പൊരുളെന്ത്? വിശദമാക്കുക. 4

(b) നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ പപ്പുവിന് ഉണ്ടാകാനിടയായ സംഭവമെന്ത്? 4

(c) കൃഷ്ണകഥ ഇന്ത്യൻ കവിഭാവനയെ ആകർഷിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാം? 4

(d) സർവ്വമതസമ്മേളനം വിളിച്ചുകൂട്ടണമെന്ന ആശയം ശ്രീനാരായണഗുരുവിന്റെ മനസ്സിലുദിക്കാൻ കാരണമെന്ത്? 4

(e) ജീവിതത്തിലെ ദയനീയതകളായ വിപര്യങ്ങളാണ് ബാല്യകാലസഖിയിലെ പ്രതിപാദ്യവസ്തുവെന്ന് എം.പി. പോൾ സമർത്ഥിക്കുന്നതെങ്ങനെ? 4

4 (a) എങ്ങനെയുള്ളവർക്കാണ് പ്രേമാത്മാവായ പിതാവിനെ കാണാൻ കഴിയുന്നത്? 4

(b) 'ഊരുവഴിയിൽ പെരുവഴി നല്ലൂ' – എന്നു പറയാൻ കാരണമെന്ത്? 4

(c) കവിക്ക് അച്ഛൻ നൽകിയ ആശിസ്സെന്തായിരുന്നു? ആ സങ്കല്പം നന്നായി എന്നു പറയാൻ കാരണമെന്ത്? 4

(d) വില്ലു കുലയ്ക്കാൻ ശ്രീരാമൻ അനുവാദം ചോദിച്ചപ്പോൾ ഗുരുവിന്റെ മറുപടി എന്തായിരുന്നു? 4

(e) ആധുനിക മനുഷ്യന്റെ ഏതെല്ലാം മനോഭാവങ്ങളെയാണ് 'വായന' എന്ന കവിതയിൽ കവി പരിഹസിച്ചിരിക്കുന്നത്? 4

5. ചിരിയും ചിന്തയുമാണ് 'പ്രൊഫസറുടെ ലോകത്തിന്റെ' ആത്മാവ് – ഈ അഭിപ്രായം വിലയിരുത്തുക 10

അല്ലെങ്കിൽ

'പ്രൊഫസറുടെ ലോകം' എന്ന കൃതിയിലൂടെ നമ്മുടെ സമൂഹത്തിലെ ചില മാന്യന്മാരുടെ മുഖംമൂടി അഴിച്ചുമാറ്റുകയാണ് കഥാകാരൻ ചെയ്യുന്നത് – ഈ അഭിപ്രായം പരിശോധിക്കുക 10

* * *